**GOVERNMENT OF KERALA**

**Abstract**

General Administration Department - General Election to Local Self Government Institutions 2025 in Kerala - Model Code of Conduct - Screening Committee Constituted - Orders issued.

**GENERAL ADMINISTRATION (COORDINATION) DEPARTMENT**

G.O. (Rt)No.4869/2025/GAD Dated, Thiruvananthapuram, 11.11.2025

Read 1 Letter No.B3/99/2025-SEC dated, 10.11.2025 from the Secretary, State Election Commission, Kerala.

**ORDER**

In order to streamline the process and to ensure time bond disposal of all Government proposals requiring prior clearance from the State Election Commission , while the Model Code of Conduct (MCC) is in force in the State in connection with the General Election to Local Self Government Institutions 2025 in Kerala, Government are pleased to constitute a Screening Committee with the following members to examine the proposals for the clearances from the State Election Commission.

i.Chief Secretary, Chairman.
ii.Secretary, General Administration Department, Convenor.
iii. Additional Chief Secretary/Principal Secretary/Secretary of the Department Concerned.

2. The Committee shall meet every **Wednesday at 3.00 PM** or whenever deemed necessary to examine each proposal, before sending it to the State Election Commission, Kerala, in the light of the existing instructions/Manual on Model Code of Conduct.

3. The Proposals cleared by the Screening Committee shall be submitted to the Office of the State Election Commission, Kerala along with the full details and note on urgency of the matter,ie, why the proposal cannot wait till the completion of election process.

4. The cases to be discussed in the meeting should be submitted to General Administration(Co-ordination) Department sufficiently early on the previous day with the detailed note (The file should not be sent). No Departments should send the

proposals directly to the State Election Commission office without the recommendation of the committee.

(By order of the Governor)
DR A JAYATHILAK I A S
CHIEF SECRETARY

The Secretary, State Election Commission, Kerala,
JANAHITHAM, T.C 27/6/2, Vikas Bhavan P.O., Thiruvananthapuram-33
All Additional Chief Secretaries/Principal Secretaries/ Secretaries/Special Secretaries
All Departments in Government Secretariat
I&PRD GA(SC) Department
Web & New Media.
Stock file/ OC

Forwarded /By order
Signed by
Sabu T K
Date:11-11-2025 13:49:24
Section Officer

**GOVERNMENT OF KERALA**

No:CDN1/118/2025-GAD
General Administration (Co-ordination) Department
Thiruvananthapuram,
Dated:11-11-2025

**CIRCULAR**

Sub: GAD- General Election to Local Self Government Institutions 2025, in Kerala -Model Code of Conduct - Guidelines - reg.

Ref: Letter No B3/99/2025-SEC., dated, 10.11.2025.

The Model Code of Conduct (MCC) in connection with the General Election to Local Self Government Institutions 2025 in Kerala came into force from 10th November 2025. With a view to make available sufficient time to comprehend the same and to facilitate all officials concerned to give appropriate direction to the subordinate officers in dealing with MCC cases the following instructions are issued to be complied with so as to avoid sending all files to State Election Commission's office during election period for MCC clearance .

i. Cases that may come under MCC should be examined at the level of Secretaries itself, on the basis of MCC guidelines and decided accordingly. Only those cases where an exemption from MCC norms/clarification in guidelines is needed or cases which do not come under the purview of the existing instructions/guidelines should only be placed before the Screening Committee constituted for referring to the State Election Commission for consideration. Such files should clearly indicate.

a) Brief of the case,
b) How it contravenes MCC provisions and why exemption is needed,
c) Specific remarks of the Secretary concerned.

ii. All Secretaries may give immediate direction to the HoDs, Head of PSUs, etc. coming under their administrative control that cases/files involving relaxation of MCC norms/clarifications should be routed only through their respective Administrative Departments in the Secretariat and not to State Election Commission directly. Secretaries should examine and take decision as per MCC guidelines.

iii. Secretaries concerned shall examine the file in accordance with the MCC Guidelines issued by the State Election Commission and may decide whether the proposal has to be submitted before Screening Committee for referring the same to the State Election Commission.

iv. Brief note (not exceeding one page in editable format) on proposals to be placed before the Screening Committee should be sent well in advance to the General Administration (Co-ordination) Department with a copy to gadcdn@gmail.com .

v. Casual sending of files to State Election Commission will be viewed seriously and reported to the Commission.

vi. All officers concerned under your control may be sensitised about the above directions and the MCC guidelines. The guidelines are available in the website of the State Election Commission, Kerala. (http://sec.kerala.gov.in) |

DR A JAYATHILAK I A S
CHIEF SECRETARY

The State Election Commission, JANAHITHAM'. TC-27/6(2),Vikas Bhavan P.O, Thiruvananthapuram- 695 033
All Additional Chief Secretaries/Principal Secretaries/ Secretaries / Spl.Secretaries
The Secretary to Governor
The Secretary, Kerala Legislative Assembly, Thiruvananthapuram
The Advocate General, Eranakulam
The Registrar, High Court of Kerala, Eranakulam
The Secretary, Kerala Public Service Commission, Thiruvananthapuram
All District Collectors
All Heads of Departments.
The Chief Executives of all Public Sector Undertakings/Autonomous Bodies
All Government Commercial Undertakings
The Registrar, all Universities in Kerala
The Director Information & Public Relations Department
(for giving wide publicity through media and Govt. website)
Web& New Media (for publishing in Government Website)
Stock file/Office copy

Forwarded / By order,
Signed by
Sabu T K
Date: 11-11-2025 13:45:48

Section Officer.

# Proforma

| Sl No. | Dept & File No. | Subject | Need of urgency |
|---|---|---|---|
| | | | |

Hand Book No. 12

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട മാതൃകാ പെരുമാറ്റ സംഹിത

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

കേരളം

2025

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട മാതൃകാ പെരുമാറ്റ സംഹിത

പ്രസിദ്ധീകരിക്കുന്നത്
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
'ജനഹിതം', വികാസ്ഭവൻ പി. ഒ, തിരുവനന്തപുരം – 695033

കോപ്പികൾ –35,500
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 2025

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട മാതൃകാ പെരുമാറ്റ സംഹിത

## I. മാതൃകാ പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരുന്ന തീയതി

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സമയക്രമം പ്രഖ്യാപിക്കുന്ന തീയതി മുതൽ മാതൃകാ പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരുന്നതാണ്. ഇത് തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കുന്നതുവരെ തുടരുന്നതാണ്.

2. പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാപെരുമാറ്റച്ചട്ടം ബാധകമായിരിക്കും. എന്നാൽ ഉപതിരഞ്ഞെടുപ്പ് നടക്കുമ്പോൾ ജില്ലാ/ ബ്ലോക്ക്പഞ്ചായത്തുകളുടെ കാര്യത്തിൽ, അതത് നിയോജകമണ്ഡലങ്ങളിലും പ്രസ്തുത നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടു വരുന്ന ഗ്രാമപഞ്ചായത്തുകളിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ പെരുമാറ്റച്ചട്ടം ബാധകമാണ്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും പെരുമാറ്റച്ചട്ടം ബാധകമാണ്. എന്നാൽ, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ കാര്യത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിൽ മാത്രമാണ് മാതൃകാ പെരുമാറ്റച്ചട്ടം ബാധകമായിരിക്കുക.

## II. പൊതുവായ പെരുമാറ്റം.

1. വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ വംശപരമോ ജാതിപരമോ സമുദായപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, നിലവിലുള്ള ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പരവിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയകക്ഷികളോ സ്ഥാനാർത്ഥികളോ ഏർപ്പെടുവാൻ പാടില്ല. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മൂന്നുവർഷം വരെ തടവോ പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ ലഭിക്കും. (1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 121-ാം വകുപ്പ്, കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 145-ാംവകുപ്പ് ).

2. മറ്റ് രാഷ്ട്രീയ കക്ഷികളെ വിമർശിക്കുമ്പോൾ അത് അവരുടെ നയങ്ങളിലും പരിപാടികളിലും, പൂർവ്വകാലചരിത്രത്തിലും പ്രവർത്തനങ്ങളിലും മാത്രമായി ഒതുക്കി നിറുത്തേണ്ടതാണ്. മറ്റ് കക്ഷികളുടെ നേതാക്കന്മാരുടേയും

പ്രവർത്തകരുടേയും പൊതുപ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യജീവിതത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. അടിസ്ഥാനരഹിതമായതോ വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിച്ച് മറ്റ്കക്ഷികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3. ജാതിയുടെയും സമുദായത്തിന്റെയും പേരിൽ വോട്ട് തേടാൻപാടില്ല. മോസ്കുകൾ, ക്ഷേത്രങ്ങൾ, ചർച്ചുകൾ മറ്റ് ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് പ്രചരണത്തിനുള്ള വേദിയായി ഉപയോഗിക്കരുത്.

4. ഏതെങ്കിലും സ്ഥാനാർത്ഥിക്കോ സമ്മതിദായകനോ അവർക്ക് താത്പര്യമുള്ള വ്യക്തികൾക്കോ എതിരെ സാമൂഹികബഹിഷ്കരണം, സാമൂഹിക ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ ഉയർത്തരുത് (കേരളപഞ്ചായത്ത് രാജ് 120-ാംവകുപ്പ്, കേരള മുനിസിപ്പാലിറ്റി ആക്ട് 144-ാംവകുപ്പ് ).

5. സമ്മതിദായകർക്ക് പണമോ മറ്റ് പാരിതോഷികങ്ങളോ നൽകുക, ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ വോട്ടെടുപ്പ് ദിവസം പോളിംഗ്സ്റ്റേഷന്റെ 100 മീറ്ററിനുള്ളിലും പഞ്ചായത്തിന്റെ കാര്യത്തിൽ 200 മീറ്ററിനുള്ളിലും വോട്ടുതേടുക, വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ട് മുൻപുള്ള 48 മണിക്കൂർ സമയത്ത് പൊതുയോഗങ്ങൾ നടത്തുക, പോളിംഗ്സ്റ്റേഷനിലേക്കും അവിടെ നിന്ന് തിരികെയും സമ്മതിദായകരെ വാഹനങ്ങളിൽ കൊണ്ടുപോകുക തുടങ്ങിയവ തിരഞ്ഞെടുപ്പ് നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 120, 122, 127 വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 144, 146, 151 വകുപ്പുകളും)

6. ഒരു വ്യക്തിയുടെ രാഷ്ട്രീയാഭിപ്രായങ്ങളോടും പ്രവർത്തനങ്ങളോടും മറ്റു രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും എത്ര തന്നെ എതിർപ്പുണ്ടായാലും സമാധാനപരമായും സ്വസ്ഥമായും സ്വകാര്യജീവിതം നയിക്കുന്നതിനുള്ള അയാളുടെ അവകാശത്തെ മാനിക്കേണ്ടതാണ്. വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടുകൾക്ക് മുമ്പിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റു ചെയ്യുക തുടങ്ങിയ രീതികൾ ഒരു കാരണവശാലും അവലംബിക്കരുത്.

7. രാഷ്ട്രീയകക്ഷികളോ സ്ഥാനാർത്ഥികളോ അവരുടെ അനുയായികളോ ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ തുടങ്ങിയവ അയാളുടെ അനുവാദം കൂടാതെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കൊടിമരം നാട്ടുന്നതിനോ ബാനറുകൾ കെട്ടുന്നതിനോ, പരസ്യം ഒട്ടിക്കുന്നതിനോ മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കാൻ പാടില്ല.

8. സർക്കാർ ആഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ പോസ്റ്റർ ഒട്ടിക്കാനോ ബാനർ, കട്ട്ഔട്ട് തുടങ്ങിയവ സ്ഥാപിക്കാനോ പാടില്ല. ഏതെങ്കിലും പൊതുസ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും മറ്റ് പ്രചരണോപാധികളും സ്ഥാപിക്കുന്നതിൽ തടസ്സമില്ലെങ്കിൽ അവിടെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാ രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകണം. ഏതെങ്കിലും പ്രത്യേക കക്ഷിക്കോ സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതുസ്ഥലവും നീക്കിവച്ചിട്ടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് അസൗകര്യമോ ശല്യമോ ഉണ്ടാകുന്ന വിധത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണസാമഗ്രികൾ (കൊടി, ബാനർ, പോസ്റ്റർ, കട്ടൗട്ട് തുടങ്ങിയവ) സ്ഥാപിക്കാൻ പാടില്ല. പരസ്യങ്ങൾക്ക് വേണ്ടി വരുന്ന ചെലവ്, സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

9. രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ സ്ഥാപിച്ചോ മുദ്രാവാക്യങ്ങൾ എഴുതിയോ വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും അവ നീക്കം ചെയ്തില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയും അതിനു വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കുകയും ചെയ്യേണ്ടതാണ്.

10. തിരഞ്ഞെടുപ്പ് നടത്തിപ്പിനും പ്രചരണത്തിനും ഹരിത പെരുമാറ്റ ചട്ടം (Green Protocol) അനുസരിച്ച് പരിസ്ഥിതി സൗഹൃദ വസ്തുക്കളും പുനഃചംക്രമണം ചെയ്യുന്ന വസ്തുക്കളും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് നിലവിലുള്ളതും കാലാകാലങ്ങളിൽ ഉണ്ടാകുന്നതുമായ നിയമങ്ങളും കോടതി ഉത്തരവുകളും സർക്കാർ/മറ്റ് അധികാരസ്ഥാനങ്ങൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും/മാർഗ്ഗനിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

11. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കാൻ പാടില്ല.

## III. പൊതുയോഗങ്ങൾ

1. ക്രമസമാധാനം പാലിക്കുന്നതിനും ഗതാഗതം നിയന്ത്രിക്കുന്നതിനും, ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ പോലീസിന് സാധ്യമാകത്തക്കവിധം പൊതുയോഗം നടത്തുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട പാർട്ടിയോ സ്ഥാനാർത്ഥിയോ സ്ഥലത്തെ പോലീസ് അധികാരികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

2. തങ്ങളുടെ അനുയായികൾ മറ്റുകക്ഷികളുടെ യോഗങ്ങളും ജാഥകളും തടസ്സപ്പെടുത്തുകയോ, അവയിൽ ഛിദ്രമുണ്ടാക്കുകയോ ചെയ്യുന്നില്ലെന്ന് ഓരോ രാഷ്ട്രീയകക്ഷികളും, സ്ഥാനാർത്ഥികളും ഉറപ്പുവരുത്തേണ്ടതാണ്. ഒരു രാഷ്ട്രീയകക്ഷിയുടെ പ്രവർത്തകരോ അനുഭാവികളോ തങ്ങളുടെ കക്ഷിയുടെ ലഘുലേഖവിതരണം ചെയ്തോ, നേരിട്ടോ, രേഖാമൂലമായോ, ചോദ്യങ്ങൾ ഉന്നയിച്ചോ, മറ്റൊരു രാഷ്ട്രീയകക്ഷി സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പാടില്ല. ഒരു കക്ഷിയുടെ യോഗം നടന്നു കൊണ്ടിരിക്കുന്ന സ്ഥലത്തു കൂടി മറ്റൊരു കക്ഷി ജാഥ നടത്തുവാൻ പാടില്ല. ഒരു കക്ഷിയുടെ ചുവർപരസ്യങ്ങൾ മറ്റു കക്ഷികളുടെ പ്രവർത്തകർ നീക്കം ചെയ്യരുത്. ഇതു മൂലം എന്തെങ്കിലും ക്രമസമാധാനപ്രശ്നം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ടവർക്ക് പോലീസ് സഹായം തേടാവുന്നതാണ്.

3. അവർ യോഗം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഏതെങ്കിലും നിയന്ത്രണ ഉത്തരവോ നിരോധനാജ്ഞയോ പ്രാബല്യത്തിൽ ഇല്ല എന്ന് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും ഉറപ്പുവരുത്തേണ്ടതാണ്. അത്തരത്തിലുള്ള ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ അവ കർശനമായി പാലിക്കേണ്ടതുമാണ്. ഇവയിൽ നിന്ന് ഒഴിവാക്കപ്പെടണമെങ്കിൽ അതിനായി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് മുൻകൂട്ടിത്തന്നെ അപേക്ഷിച്ച് അനുമതി നേടേണ്ടതാണ് .

4. പൊതുയോഗങ്ങൾ തടസ്സപ്പെടുത്തുകയോ യോഗസ്ഥലത്ത് ക്രമരഹിതമായി പ്രവർത്തിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നവർക്ക് മൂന്നുമാസം വരെ തടവോ ആയിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 123-ാംവകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 147-ാംവകുപ്പ്).

തിരഞ്ഞെടുപ്പ് പ്രഖ്യാപനതീയതി മുതൽ തിരഞ്ഞെടുപ്പ് നടത്തപ്പെടുന്ന തീയതി വരെ ആ നിയോജകമണ്ഡലത്തിലോ വാർഡിലോ നടത്തപ്പെടുന്ന രാഷ്ട്രീയസ്വഭാവമുള്ള ഏതു പൊതുയോഗത്തിനും ഇത് ബാധകമാണ്.

5. യോഗങ്ങൾ നടത്തുന്നതിന് ഉച്ചഭാഷിണിയോ മറ്റുസൗകര്യമോ ഉപയോഗിക്കുന്നതിന് അനുവാദം ലഭിക്കേണ്ടതുണ്ടെങ്കിൽ പാർട്ടിയോ സ്ഥാനാർത്ഥിയോ കാലേക്കൂട്ടി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അതിനുള്ള അനുവാദം വാങ്ങേണ്ടതാണ്. Noise Pollution (Regulation and Control) Rules-2000 ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ട്, അനുവദനീയമായ DECIBEL ശബ്ദം മാത്രമേ ഉച്ചഭാഷിണികൾ പുറപ്പെടുവിക്കാൻ പാടുള്ളൂ

6. സർക്കാരിന്റേയോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിലുള്ള ഹാളുകളിൽ യോഗങ്ങൾ നടത്താൻ അനുവദിക്കുകയാണെങ്കിൽ അപ്രകാരം യോഗങ്ങൾ നടത്തുന്നതിന് എല്ലാ രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യഅവസരം നൽകേണ്ടതാണ്. ഇത്തരം യോഗങ്ങൾ അവസാനിച്ചാൽ ഉടൻ തന്നെ അവിടെ സ്ഥാപിച്ചിട്ടുള്ള എല്ലാവിധ പ്രചരണസാമഗ്രികളും സംഘാടകർ നീക്കം ചെയ്യേണ്ടതാണ്.

7. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല.

## IV. ജാഥകൾ

1. ജാഥകളും പൊതുയോഗങ്ങളും സംഘടിപ്പിക്കുന്നത് അതിലേയ്ക്ക് നിലവിലുള്ള ബന്ധപ്പെട്ട നിയമ വ്യവസ്ഥകളും ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും ഉത്തരവുകൾ അനുസരിച്ചായിരിക്കേണ്ടതുമാണ്.

2. ജാഥ സംഘടിപ്പിക്കുന്ന പാർട്ടിയോ സ്ഥാനാർത്ഥിയോ ജാഥ ആരംഭിക്കുന്ന സമയവും സ്ഥലവും കടന്നുപോകുന്ന റൂട്ടും ജാഥ അവസാനിപ്പിക്കുന്ന സമയവും സ്ഥലവും മുൻകൂട്ടി തീരുമാനിക്കേണ്ടതാണ്.

3. ലോക്കൽ പോലീസിന് ആവശ്യമായ ക്രമീകരണം നടത്തുന്നതിലേക്കായി പരിപാടിയുടെ സംഘാടകർ ലോക്കൽ പോലീസ് അധികാരികളെ പരിപാടിയെ സംബന്ധിച്ച് മുൻകൂട്ടി അറിയിക്കേണ്ടതാണ്.

4. ജാഥ കടന്നു പോകേണ്ട പ്രദേശങ്ങളിൽ എന്തെങ്കിലും നിയന്ത്രണ ഉത്തരവുകൾ പ്രാബല്യത്തിൽ ഉണ്ടോ എന്ന് സംഘാടകർ

പരിശോധിക്കേണ്ടതാണ്. ഈ നിയന്ത്രണങ്ങൾ ബന്ധപ്പെട്ട അധികാരി ഒഴിവാക്കി നല്കിയിട്ടില്ലെങ്കിൽ അവ കൃത്യമായി പാലിക്കുകയും വേണം. ഗതാഗത നിയന്ത്രണങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കേണ്ടതാണ്.

5. വാഹനഗതാഗതത്തിന് തടസ്സം ഉണ്ടാകാത്ത വിധത്തിൽ ജാഥ കടന്നുപോകുന്നതിന് സംഘാടകർ മുൻകൂട്ടി നടപടികൾ സ്വീകരിക്കണം. ജാഥ വളരെ ദൈർഘ്യമേറിയതാണെങ്കിൽ, കനത്ത ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ചെറിയ ചെറിയ വിഭാഗങ്ങളായി അത് സംഘടിപ്പിക്കണം.

6. ജാഥകൾ നടത്തുന്ന സമയത്ത് ഡ്യൂട്ടിയിലുള്ള പോലീസിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും വേണം.

7. രണ്ടോ അതിലധികമോ രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർത്ഥികളോ ഒരേ സമയം ഒരേ റൂട്ടിലോ അതേ റൂട്ടിലെ ചിലഭാഗങ്ങളിലോ ജാഥകൾ നടത്താൻ തീരുമാനിക്കുകയാണെങ്കിൽ, സംഘാടകർ തമ്മിൽ മുൻകൂട്ടി ബന്ധപ്പെടുകയും ജാഥകൾ തമ്മിൽ കൂട്ടിമുട്ടാതിരിക്കാനും ഗതാഗതതടസ്സം ഉണ്ടാകാതിരിക്കാനും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ധാരണയിലെത്തുകയും വേണം. ഉചിതമായ ക്രമീകരണം നടത്തുന്നതിന് ലോക്കൽ പോലീസിന്റെ സഹായം തേടേണ്ടതാണ്.

8. ജാഥയിൽ പങ്കെടുക്കുന്നവർ പ്രകോപനപരമായ പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള വസ്തുക്കൾ ജാഥയിൽ കൊണ്ട് പോകുന്നത് ഒഴിവാക്കുവാൻ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും പ്രത്യേകം ശ്രദ്ധിക്കണം.

9. മറ്റ് രാഷ്ട്രീയ പാർട്ടി നേതാക്കളുടെയോ അംഗങ്ങളുടെയോ കോലം കൊണ്ട് നടക്കുന്നതും പരസ്യമായി അത്തരം കോലം കത്തിക്കുന്നതും ഇത്തരത്തിലുള്ള മറ്റ് പ്രകടനങ്ങളും ഒരു രാഷ്ട്രീയ പാർട്ടിയോ സ്ഥാനാർത്ഥിയോ സ്വീകരിക്കാൻ പാടില്ല.

## V. തിരഞ്ഞെടുപ്പ് പ്രകടനപത്രികകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

തിരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയകക്ഷികളും മുന്നണികളും സ്ഥാനാർത്ഥികളും പ്രകടനപത്രികകൾ പുറപ്പെടുവിക്കാറുണ്ട്. അധികാരത്തിൽ വന്നാൽ അവർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വാഗ്ദാനം ചെയ്താണ് പ്രകടനപത്രികൾ പുറപ്പെടുവിക്കുന്നത്. ബഹു. സുപ്രീം കോടതി, എസ്.സുബ്രഹ്മണ്യൻ ബാലാജി V. ഗവൺമെന്റ് ഓഫ് തമിഴ്നാട് ((2013) 9 SCC 659) എന്ന കേസിൽ പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്ത് പ്രകടനപത്രികൾ പുറപ്പെടുവിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുകയും തങ്ങൾ അധികാരത്തിൽ വന്നാൽ ഏതെങ്കിലും

പാരിതോഷികങ്ങളോ സൗജന്യങ്ങളോ നൽകുമെന്ന് വാഗ്ദാനം ചെയ്ത് തിരഞ്ഞെടുപ്പ് പ്രകടനപത്രിക പുറപ്പെടുവിക്കുന്നത്, തിരഞ്ഞെടുപ്പ് വേളയിൽ സമ്മതിദായകരെ സ്വാധീനിക്കുമെന്നും അത് സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള തുല്യ അവസരത്തെ ഹനിക്കുമെന്നും ആത്യന്തികമായി സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് പ്രക്രിയയെ ബാധിക്കുമെന്നും കണ്ടെത്തുകയുണ്ടായി. എന്നാൽ ഭരണഘടനയുടെ ഭാഗം IV നിർദ്ദേശക തത്വങ്ങൾക്ക് അനുസൃതമായി ജനങ്ങളുടെ പൊതുവായ ക്ഷേമം മുൻനിർത്തി തങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ വാഗ്ദാനം ചെയ്ത്, ചുവടെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി, പ്രകടനപത്രികൾ പുറപ്പെടുവിക്കുന്നതിന് തടസ്സമില്ല എന്ന് കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഇവ സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൂടി മാതൃകാ പെരുമാറ്റ സംഹിതയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് കോടതി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കക്ഷികളും മുന്നണികളും സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് പ്രകടനപത്രികൾ പുറപ്പെടുവിക്കുമ്പോൾ ചുവടെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അതായത്:–

I. ഭരണഘടനയുടെ അന്തസത്തയ്ക്കും ഈ മാതൃകാ പെരുമാറ്റ സംഹിതയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായ വാഗ്ദാനങ്ങൾ രാഷ്ട്രീയ കക്ഷികളോ മുന്നണികളോ സ്ഥാനാർത്ഥികളോ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിക്കുവാൻ പാടില്ല.

II. തങ്ങൾ അധികാരത്തിൽ വന്നാൽ ഏതെങ്കിലും പാരിതോഷികങ്ങളോ സൗജന്യങ്ങളോനൽകുമെന്ന്തിരഞ്ഞെടുപ്പ്പ്രകടനപത്രികയിൽവാഗ്ദാനം ചെയ്യുന്നത്,തിരഞ്ഞെടുപ്പ്വേളയിൽസമ്മതിദായകരെസ്വാധീനിക്കുകയും, അത് സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള തുല്യ അവസരത്തെ ഹനിക്കുമെന്നുമുള്ളതിനാൽ ഇത്തരം വാഗ്ദാനങ്ങൾ യാതൊരാളും തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിക്കുവാൻ പാടില്ല.

III. ഭരണഘടനയുടെ ഭാഗം IV നിർദ്ദേശക തത്വങ്ങൾക്ക് അനുസൃതമായി ജനങ്ങളുടെ പൊതുവായ ക്ഷേമം മുൻനിർത്തി തങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ വാഗ്ദാനം ചെയ്ത് പ്രകടനപത്രികകൾ പുറപ്പെടുവിക്കുന്നതിന് മേൽപ്പറഞ്ഞ തടസ്സമില്ല. എന്നാൽ അപ്രകാരം ചെയ്യുമ്പോൾ നിറവേറ്റാൻ കഴിയുന്ന വാഗ്ദാനങ്ങൾ മാത്രം പ്രകടനപത്രികയിൽ ഉൾപ്പെടുത്തേണ്ടതും അത് നടപ്പാക്കുന്നതിന് ഉണ്ടാകുന്ന സാമ്പത്തിക ചെലവുകൾ മുൻകൂട്ടി കണക്കാക്കേണ്ടതും അത് കണ്ടെത്തുന്നതിനുള്ള വഴികളും മാർഗങ്ങളും കൂടി യുക്തിസഹമായി

തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

IV. കേരള പഞ്ചായത്ത് രാജ് ആക്ട് 122-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ട് 146-ാം വകുപ്പിലും പറയുന്ന വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുമ്പ് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതു വരെയുള്ള നിരോധന കാലയളവിൽ ഇപ്രകാരമുള്ള യാതൊരു തിരഞ്ഞെടുപ്പ് പ്രകടനപത്രികയും പുറപ്പെടുവിക്കുവാൻ പാടില്ല.

## VI. ബോർഡുകൾ / ബാനറുകൾ / പതാകകൾ / തോരണങ്ങൾ സ്ഥാപിക്കൽ

അനധികൃതമായി ബോർഡുകൾ/ബാനറുകൾ/പതാകകൾ/ തോരണങ്ങൾ/ഹോർഡിംഗുകൾ എന്നിവ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കാൻ പാടില്ല. ബഹു.ഹൈക്കോടതിയുടെ WP(C) 22750/2018 കേസിലെ 03.03.2021-ലെ ഇടക്കാല ഉത്തരവും, 13.03.2025 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളും, ഇതുമായി ബന്ധപ്പെട്ട് സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ/മറ്റു അധികാരസ്ഥാനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/മാർഗനിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിക്കേണ്ടതാണ്.

## VII. ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവയുടെ അച്ചടി

തിരഞ്ഞെടുപ്പ് പ്രകടനപത്രിക ഉൾപ്പെടെ ലഘുലേഖകളും പോസ്റ്ററുകളും അച്ചടിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സംബന്ധിച്ച് 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 124-ാംവകുപ്പിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 148-ാംവകുപ്പിലെയും വ്യവസ്ഥകൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും അച്ചടിശാലാ ഉടമസ്ഥരും പാലിക്കേണ്ടതാണ്. ലഘുലേഖകളുടേയും പോസ്റ്ററുകളുടേയും പുറത്ത് അത് അച്ചടിക്കുന്നയാളിന്റെയും പ്രസാധകന്റെയും പേരും മേൽവിലാസവും കോപ്പികളുടെ എണ്ണവും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ അച്ചടിക്കുന്നതിനു മുൻപായി പ്രസാധകനെ തിരിച്ചറിയുന്നതിനായി രണ്ട് ആളുകൾ സാക്ഷ്യപ്പെടുത്തിയ നിശ്ചിതഫാറത്തിലുള്ള ഒരു പ്രഖ്യാപനം അച്ചടിക്കുന്നയാളിന് (പ്രസ്തുടമ) നൽകേണ്ടതും അച്ചടിച്ചശേഷം മേൽപ്പറഞ്ഞ പ്രഖ്യാപനത്തോടൊപ്പം അച്ചടിരേഖയുടെ പകർപ്പ്സഹിതം പ്രസ്തുടമ നിശ്ചിതഫാറത്തിൽ ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന നിയമവ്യവസ്ഥയുടെ ലംഘനം ആറുമാസത്തോളമാകാവുന്ന തടവു ശിക്ഷയോ 2000/- രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റമാണ്. കൂടാതെ, തിരഞ്ഞെടുപ്പ് പരസ്യബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതും ഉയർത്തിയിട്ടുള്ളതും സംബന്ധിച്ച വിവരം ബന്ധപ്പെട്ടവർ

വരണാധികാരിയെ നിശ്ചിതഫാറത്തിൽ അറിയിക്കുകയും വേണം.

## VIII. ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലെ പരസ്യങ്ങൾ

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും പത്രം, ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധമാധ്യമങ്ങളിൽ പരസ്യങ്ങൾ നൽകുന്നത് നിയമാനുസൃതമായിരിക്കേണ്ടതാണ്. അപകീർത്തിപരമായ പ്രചാരണങ്ങൾ പാടില്ല.

## IX. വാഹനങ്ങൾ

വാഹനങ്ങളിൽ ലൗഡ്സ്പീക്കർ ഘടിപ്പിച്ചോ മറ്റ് തരത്തിലോ മാറ്റങ്ങൾ വരുത്തണമെങ്കിൽ അത് മോട്ടോർ വാഹന ആക്ടും മറ്റ് നിയമങ്ങളും കർശനമായി പാലിച്ചു കൊണ്ടായിരിക്കണം. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ അനുമതി വാങ്ങിയശേഷം മാത്രമേ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി പ്രത്യേക പ്രചാരണവാഹനമായോ വീഡിയോ പ്രചാരണവാഹനമായോ ഉപയോഗിക്കുവാൻ പാടുള്ളൂ.

## X. വോട്ടെടുപ്പുദിവസം

1. വോട്ടർമാർക്ക് നിർഭയമായി സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഉറപ്പുവരുത്താൻ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരുമായി സഹകരിക്കേണ്ടതാണ്.
2. രാഷ്ട്രീയകക്ഷികൾ അവരവരുടെ അംഗീകൃത പ്രവർത്തകർക്ക് അനുയോജ്യമായ ബാഡ്ജുകളും ഐഡന്റിറ്റികാർഡുകളും നൽകേണ്ടതാണ്.
3. സമ്മതിദായകർക്ക് വിതരണം ചെയ്യുന്ന അനൗദ്യോഗിക സ്ലിപ്പുകൾ വെള്ളകടലാസിൽ ആയിരിക്കണം. അവയിൽ സ്ഥാനാർത്ഥിയുടെയോ കക്ഷിയുടെയോ പേരോ, ചിഹ്നമോ ഉണ്ടാകാൻ പാടില്ല.
4. പഞ്ചായത്തിനെ സംബന്ധിച്ച് പോളിംഗ്സ്റ്റേഷന്റെ 200 മീറ്റർ പരിധിയിലോ മുനിസിപ്പാലിറ്റിയെ സംബന്ധിച്ച് പോളിംഗ്സ്റ്റേഷന്റെ 100 മീറ്റർ പരിധിയിലോ രാഷ്ട്രീയകക്ഷികളുടെ പേരോ ചിഹ്നമോ ആലേഖനം ചെയ്ത മാസ്ക്, വസ്ത്രങ്ങൾ, തൊപ്പി മുതലായവയൊന്നും ഉപയോഗിക്കുവാൻ പാടില്ല.
5. വോട്ടെടുപ്പ് അവസാനിക്കുന്നതിന് മുമ്പുള്ള 48 മണിക്കൂറിലും വോട്ടെണ്ണുന്ന ദിവസവും മദ്യം നൽകുകയോ വിതരണം നടത്തുകയോ ചെയ്യരുത്.

6. സംഘട്ടനവും സംഘർഷവും ഒഴിവാക്കുന്നതിനായി, പോളിംഗ് ബൂത്തുകൾക്ക് സമീപവും രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും നിർമ്മിക്കുന്ന ക്യാമ്പിന്റെ പരിസരത്തും, ആൾക്കൂട്ടം ഒഴിവാക്കേണ്ടതാണ്.

7. സ്ഥാനാർത്ഥികളുടെ ക്യാമ്പുകൾ ആർഭാടരഹിതമാണെന്ന് ഉറപ്പുവരുത്തണം. ക്യാമ്പുകളിൽ ആഹാരപദാർത്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ല.

8. വോട്ടെടുപ്പ് ദിവസം വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കുന്നതിന് അധികാരികളുമായി സഹകരിക്കുകയും അതിനായി പെർമിറ്റ് വാങ്ങി അതത് വാഹനങ്ങളിൽ വ്യക്തമായി പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## XI. പോളിംഗ് ബൂത്ത്

സമ്മതിദായകർ ഒഴികെ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമാനുസൃതമായ പാസില്ലാത്ത ആരും പോളിംഗ്ബൂത്തുകളിൽ പ്രവേശിക്കുവാൻപാടില്ല.

## XII നിരീക്ഷകർ

സ്ഥാനാർത്ഥികൾക്കോ അവരുടെ ഏജന്റുമാർക്കോ തിരഞ്ഞെടുപ്പ് നടത്തിപ്പിനെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തമായ പരാതികളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അവ തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമിക്കുന്ന നിരീക്ഷകരുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്

## XIII. അധികാരത്തിലിരിക്കുന്ന കക്ഷി

1. കേന്ദ്രത്തിലോ സംസ്ഥാനത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ അധികാരത്തിലിരിക്കുന്ന കക്ഷി അതിന്റെ ഔദ്യോഗികസ്ഥാനം തിരഞ്ഞെടുപ്പ് പ്രചാരണാവശ്യത്തിലേക്കായി വിനിയോഗിക്കരുത്. പ്രത്യേകിച്ച് –

(എ) മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, മേയർ, ഡെപ്യൂട്ടി മേയർ, ചെയർമാൻ, വൈസ് ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവരുടെ ഔദ്യോഗിക യാത്രകൾ തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെടുത്തുകയോ, തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഔദ്യോഗിക സംവിധാനമോ ജീവനക്കാരെയോ ഉപയോഗിക്കുവാനോ പാടുള്ളതല്ല.

(ബി) അധികാരത്തിലിരിക്കുന്ന കക്ഷിയുടെ താത്പര്യാർത്ഥം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കരുത്.

2. പൊതുസമ്മേളനത്തിനായി ഉപയോഗിക്കുന്ന പൊതുസ്ഥലങ്ങളും, മൈതാനങ്ങളും അതുപോലെതന്നെ ഹെലിപ്പാഡുകൾ തുടങ്ങിയവയും ഭരണകക്ഷിയുടെ മാത്രം ഉപയോഗത്തിനായി കൈയടക്കിവയ്ക്കാൻ പാടുള്ളതല്ല. മേൽപ്പറഞ്ഞ സ്ഥലങ്ങൾ ഭരണകക്ഷിക്കാർക്ക് ലഭ്യമായ അതേ വ്യവസ്ഥയിൽ തന്നെ മറ്റു കക്ഷികൾക്കും ലഭ്യമാക്കേണ്ടതാണ്.

3. റെസ്റ്റ്ഹൗസുകൾ, ഗസ്റ്റ്ഹൗസുകൾ തുടങ്ങിയവയിലെ സ്ഥലസൗകര്യങ്ങൾ പ്രചാരണ ഓഫീസായോ സമ്മേളന സ്ഥലമായോ ഉപയോഗിക്കാൻ പാടുള്ളതല്ല.

4 തിരഞ്ഞെടുപ്പ് സമയത്ത് അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ താത്പര്യത്തിനായി അവരുടെ ഭരണനേട്ടങ്ങളെക്കുറിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകളുടെയോ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയോ ചെലവിൽ വർത്തമാനപ്പത്രങ്ങളിലോ, മറ്റു ദൃശ്യ-ശ്രാവ്യ-സാമൂഹ്യമാധ്യമങ്ങളിലോ പരസ്യങ്ങൾ നൽകാൻ പാടില്ല.

5 തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു ശേഷം മന്ത്രിമാരോ, എം.പിമാരോ, എം.എൽ.എ.മാരോ, മേയർമാരോ, ഡെപ്യൂട്ടി മേയർമാരോ, ചെയർപേഴ്സണോ, ഡെപ്യൂട്ടി ചെയർപേഴ്സണോ, പഞ്ചായത്ത് പ്രസിഡന്റുമാരോ, വൈസ് പ്രസിഡന്റുമാരോ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരോ, മറ്റ് അധികാരികളോ തങ്ങളുടെ വിവേചനാധികാരമുപയോഗിച്ച് നൽകാവുന്ന ഫണ്ടുകളിൽ നിന്ന് ആനുകൂല്യങ്ങൾ നൽകാൻ പാടുള്ളതല്ല.

6 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം, മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, മേയർമാർ, ഡെപ്യൂട്ടി മേയർമാർ, ചെയർ പേഴ്സൺമാർ, ഡെപ്യൂട്ടി ചെയർപേഴ്സൺമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, മറ്റ് അധികാരികൾ തുടങ്ങിയവർ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ് :-

(എ) പുതിയ ധനസഹായം അനുവദിക്കുകയോ നൽകാമെന്ന് ഉറപ്പ് നൽകുകയോ ചെയ്യാതിരിക്കുക, പുതുതായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാതിരിക്കുക.

(ബി) പുതിയ പദ്ധതികളുടെയോ സ്കീമുകളുടെയോ ഉദ്ഘാടനം, തറക്കല്ലിടൽ മുതലായവ ഒഴിവാക്കുക. റോഡ്നിർമ്മാണം, ശുദ്ധജലവിതരണം, വൈദ്യുതിവിതരണം തുടങ്ങിയവയെക്കുറിച്ച് പുതുതായി ഉറപ്പുകൾ നൽകാതിരിക്കുക, പ്രഖ്യാപനങ്ങൾ നടത്താതിരിക്കുക.

(സി) സർക്കാരിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ ഇടക്കാല/താല്ക്കാലിക നിയമനങ്ങൾ നടത്താതിരിക്കുക.

(ഡി) കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, മേയർ, ഡെപ്യൂട്ടി മേയർ, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, തദ്ദേശസ്ഥാപനങ്ങളിലെ അംഗം എന്നിവർ, സ്ഥാനാർത്ഥി/ വോട്ടർ അല്ലെങ്കിൽ സ്ഥാനാർത്ഥിയുടെ ഏജന്റ് എന്നീ നിലയിലല്ലാതെ പോളിംഗ് സ്റ്റേഷനുകളിലോ കൗണ്ടിംഗ് സ്റ്റേഷനുകളിലോ പ്രവേശിക്കുവാൻ പാടുള്ളതല്ല.

XIV. കേന്ദ്ര-സംസ്ഥാന സർക്കാർജീവനക്കാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെയും തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല. ഇവർ ഒരു സ്ഥാനാർത്ഥിയുടെ ഏജന്റായോ, പോളിംഗ് ഏജന്റായോ വോട്ടെണ്ണൽ ഏജന്റായോ പ്രവർത്തിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്.

## XV. ഡമ്മി ബാലറ്റുകളുടെ അച്ചടി

സ്ഥാനാർത്ഥികളോ, രാഷ്ട്രീയകക്ഷികളോ ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിന് തടസ്സമില്ല, എന്നാൽ ഡമ്മി ബാലറ്റ് പേപ്പറിന് വലിപ്പത്തിലും നിറത്തിലും അസൽ ബാലറ്റ് പേപ്പറിനോട് സാമ്യം ഉണ്ടാകാൻപാടില്ല. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവയ്ക്ക് വെള്ളയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പിങ്കും ജില്ലാ പഞ്ചായത്തുകൾക്ക് നീലയും നിറത്തിലുള്ള ബാലറ്റ് പേപ്പറാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ വെള്ള, പിങ്ക്, നീല, എന്നീ നിറങ്ങളൊഴിച്ച് മറ്റു നിറങ്ങളിൽ ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കാം.

ഒരു സ്ഥാനാർത്ഥി തന്റെ പേര് ബാലറ്റ് പേപ്പറിൽ എവിടെ വരുമെന്ന് സൂചിപ്പിക്കാൻ സ്വന്തം പേരും ചിഹ്നവുമുള്ള ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിന് തടസ്സമില്ല. പക്ഷെ അതേ നിയോജകമണ്ഡലത്തിൽ നിന്നും മത്സരിക്കുന്ന മറ്റു സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവും ഉണ്ടായിരിക്കാൻ പാടില്ല.

# സംശയങ്ങളും മറുപടിയും
# മാതൃകാ പെരുമാറ്റച്ചട്ടം

### 1. എന്താണ് മാതൃകാ പെരുമാറ്റച്ചട്ടം ?

തിരഞ്ഞെടുപ്പ് കാലയളവിൽ രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും മറ്റുള്ളവരും അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും പാലിക്കേണ്ട നിയന്ത്രണങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് മാതൃകാ പെരുമാറ്റച്ചട്ടം. തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുത്താൻ രാഷ്ട്രീയകക്ഷികളുമായി കൂടിയാലോചിച്ചാണ് ഈ പെരുമാറ്റ സംഹിത തയ്യാറാക്കിയിട്ടുള്ളത്.

### 2. പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ എന്തൊക്കെയാണ്?

സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും മറ്റുള്ളവരും മാതൃകാ പെരുമാറ്റച്ചട്ടം പാലിക്കുന്നുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉറപ്പ് വരുത്തും. ഔദ്യോഗിക സംവിധാനങ്ങളുടെ ദുരുപയോഗം, തിരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ, കള്ളവോട്ട്, വോട്ടർമാർക്ക് പണം നൽകി സ്വാധീനിക്കൽ തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടി പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്മീഷൻ സ്വീകരിക്കുന്നു.

### 3. എന്ന് മുതലാണ് പെരുമാറ്റച്ചട്ടം നിലവിൽവരിക?

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിക്കുന്ന തീയതി മുതൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരും. തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കുന്നത് വരെ അത് തുടരും.

### 4. പൊതുതിരഞ്ഞെടുപ്പിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പെരുമാറ്റച്ചട്ടം ബാധകമാവുക ?

പൊതുതിരഞ്ഞെടുപ്പ് നടക്കുമ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും മാതൃകാപെരുമാറ്റച്ചട്ടം ബാധകമായിരിക്കും.

### 5. ഉപതിരഞ്ഞെടുപ്പിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് മാതൃകാ പെരുമാറ്റച്ചട്ടം ബാധകമാവുക?

ഉപതിരഞ്ഞെടുപ്പ് നടക്കുമ്പോൾ ജില്ലാ/ബ്ലോക്ക്പഞ്ചായത്തുകളുടെ

കാര്യത്തിൽ, അതത് നിയോജകമണ്ഡലങ്ങളിലും പ്രസ്തുത നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്തുകളിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ പെരുമാറ്റച്ചട്ടം ബാധകമാണ്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും പെരുമാറ്റച്ചട്ടം ബാധകമാണ്. എന്നാൽ, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ കാര്യത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിൽ മാത്രമാണ് മാതൃകാ പെരുമാറ്റച്ചട്ടം ബാധകമായിരിക്കുക.

**6. ഒരു മന്ത്രിക്കോ ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപന ഭാരവാഹിക്കോ ഔദ്യോഗിക സന്ദർശനവും തിരഞ്ഞെടുപ്പ് പ്രവർത്തനത്തിനുള്ള യാത്രയും ഒരുമിച്ച് നടത്താമോ?**

അനുവദനീയമല്ല. ഔദ്യോഗിക സന്ദർശനം തിരഞ്ഞെടുപ്പ് പ്രവർത്തനവുമായി ബന്ധപ്പെടുത്തരുത്.

**7. സർക്കാർ/ഔദ്യോഗിക വാഹനം തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കാമോ ?**

സർക്കാർ/ഔദ്യോഗിക വാഹനം ഒരു സ്ഥാനാർത്ഥിയുടേയോ രാഷ്ട്രീയകക്ഷിയുടേയോ പ്രചാരണത്തിന് ഒരു കാരണവശാലും ഉപയോഗിക്കാൻ പാടില്ല.

**8. തിരഞ്ഞെടുപ്പ് ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലംമാറ്റാമോ?**

തിരഞ്ഞെടുപ്പ് വേളയിൽ ഒരു ജീവനക്കാരനേയും സ്ഥലംമാറ്റാൻ പാടുള്ളതല്ല. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെടുന്ന തീയതി മുതൽ സ്ഥലം മാറ്റരുത്. ഏതെങ്കിലും ജീവനക്കാരന്റെ സ്ഥലംമാറ്റം അനിവാര്യമാണെന്ന് സർക്കാരിന് തോന്നുകയാണെങ്കിൽ അതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

**9. തിരഞ്ഞെടുപ്പ് വേളയിൽ മന്ത്രിമാർക്കോ, തദ്ദേശഭരണ ഭാരവാഹികൾക്കോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചർച്ചക്ക് വിളിക്കാമോ.?**

ഇല്ല. ഇത്തരം ചർച്ചകൾ അനുവദനീയമല്ല.

**10. തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലത്തിലോ വാർഡിലോ സ്വകാര്യസന്ദർശനം നടത്തുന്ന മന്ത്രിയെ ഉദ്യോഗസ്ഥർക്ക് സന്ദർശിക്കാമോ.?**

ഇല്ല. ഇപ്രകാരം സന്ദർശനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസ് ചട്ടങ്ങളനുസരിച്ച് നടപടി സ്വീകരിക്കും.

**11. മന്ത്രിമാർക്കോ തദ്ദേശഭരണ ഭാരവാഹികൾക്കോ ബീക്കൺ ലൈറ്റോടെയുള്ള പൈലറ്റ് വാഹനം ഉപയോഗിക്കാമോ?**

ഇല്ല. സെക്യൂരിറ്റി സുരക്ഷയുള്ള മന്ത്രിമാർക്കോ തദ്ദേശഭരണ ഭാരവാഹികൾക്കോ അത്തരം വാഹനം തിരഞ്ഞെടുപ്പ് വേളയിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല. സർക്കാരിന്റെയോ തദ്ദേശ ഭരണസ്ഥാപനത്തിന്റെയോ വാഹനങ്ങളും പ്രചാരണത്തിനുപയോഗിക്കരുത്.

**12. തിരഞ്ഞെടുപ്പ് വേളയിൽ മന്ത്രിമാർക്ക് ഔദ്യോഗികവാഹനം ഉപയോഗിക്കാമോ?**

തിരഞ്ഞെടുപ്പ് രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാം.

**13. പെരുമാറ്റച്ചട്ടം ഉള്ളപ്പോൾ കോർപ്പറേഷൻ മേയർക്ക് / മുനിസിപ്പൽ ചെയർമാന്/ പഞ്ചായത്ത് പ്രസിഡന്റിന് ഔദ്യോഗിക വാഹനം ഉപയോഗിക്കാമോ?**

തിരഞ്ഞെടുപ്പ് രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാം.

**14. വികസന നേട്ടങ്ങളെക്കുറിച്ച് തദ്ദേശസ്ഥാപനങ്ങളോ സർക്കാരോ അധികാരത്തിലിരിക്കുന്ന പാർട്ടിയെ സഹായിക്കും വിധം പരസ്യം നൽകാമോ?**

പാടില്ല. തദ്ദേശസ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ, നേട്ടങ്ങൾ വിശദീകരിക്കുന്ന പരസ്യം പൊതുപണമുപയോഗിച്ച് അച്ചടി-ഇലക്ട്രോണിക്-സാമൂഹ്യ മാധ്യമങ്ങളിൽ നൽകാൻപാടില്ല. ഔദ്യോഗിക മാധ്യമങ്ങൾ ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും വിലക്കിയിട്ടുണ്ട്.

**15. പൊതുപണമുപയോഗിച്ച് സർക്കാരിന്റെയോ തദ്ദേശസ്ഥാപനങ്ങളുടേയോ വികസനനേട്ടങ്ങൾ ചിത്രീകരിക്കുന്ന ബോർഡുകളും പരസ്യങ്ങളും തിരഞ്ഞെടുപ്പ് സമയത്ത് നീക്കം ചെയ്യേണ്ടതുണ്ടോ?**

ഉണ്ട്. അത്തരം എല്ലാ പരസ്യങ്ങളും എല്ലാ ബോർഡുകളും മറ്റ് പ്രചരണ സാമഗ്രികളും നീക്കം ചെയ്യേണ്ടതാണ്.

**16. തിരഞ്ഞെടുപ്പ് വേളയിൽ മന്ത്രിമാർക്കോ, തദ്ദേശഭരണ ഭാരവാഹികൾക്കോ വിവേചനാധികാരമുപയോഗിച്ച് സാമ്പത്തിക സഹായം അനുവദിക്കാമോ?**

പാടില്ല. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷം ഇത്തരം സഹായം അനുവദിക്കാൻ പാടില്ല.

**17. സർക്കാരിന്റേയോ തദ്ദേശസ്ഥാപനത്തിന്റേയോ ഫണ്ടുപയോഗിച്ച് നിർമ്മാണാനുമതി ലഭിച്ച പദ്ധതികൾ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു ശേഷം ആരംഭിക്കാമോ?**

തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം ഇത്തരം നിർമ്മാണ ജോലികൾ ആരംഭിക്കരുത്. എന്നാൽ, നിർമ്മാണമാരംഭിച്ച ജോലികൾ തിരഞ്ഞെടുപ്പ് കാലയളവിൽ നിർത്തിവെക്കേണ്ടതില്ല.

**18. എം.പിമാരുടേയൊ, എം.എൽ.എമാരുടേയോ പ്രാദേശിക വികസനഫണ്ടിൽ നിന്ന് പുതിയ പദ്ധതികൾക്ക് പണം അനുവദിക്കാമോ?**

പാടില്ല. തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ ഇത്തരം ഫണ്ട് അനുവദിക്കാൻ പാടുള്ളതല്ല.

**19. കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിവിധ ഗ്രാമ/നഗര വികസന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ നിയന്ത്രണങ്ങളാണുള്ളത്?**

പദ്ധതികളും അതുമായി ബന്ധപ്പെട്ടുള്ള നിയന്ത്രണങ്ങളും ചുവടെ കൊടുക്കുന്നു.

**എ) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)പദ്ധതി/ പ്രധാനമന്ത്രി ആവാസ് യോജന(നഗരം)പദ്ധതി/ലൈഫ് ഭവന പദ്ധതി/PM-JANMAN പദ്ധതി** പ്രകാരം വീട് ലഭിച്ച് നിർമ്മാണ ജോലികൾ ആരംഭിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് തടസ്സമില്ല. പക്ഷെ, പദ്ധതി പ്രകാരം പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും അവർക്കുള്ള സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതും പണി ആരംഭിക്കുന്നതും തിരഞ്ഞെടുപ്പിന് ശേഷമേ ആകാവൂ.

**(ബി) റോഡ് നിർമ്മാണപദ്ധതികൾ/അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (AMRUT) /സ്മാർട്ട്സിറ്റി.**

തുടർപദ്ധതികൾ നടപ്പാക്കുന്നതിനും അതിനുള്ള ഫണ്ട് അനുവദിക്കുന്നതിനും തടസ്സമില്ല.

**(സി) സ്വയം തൊഴിൽ പദ്ധതികൾ/പ്രധാനമന്ത്രി സ്ട്രീറ്റ് വെൻഡർ**

ആത്മനിർഭർനിധി. (PMSVAN Scheme)

ഭാഗികമായി സബ്സിഡിയോ ഗ്രാന്റോ ലഭിച്ച ഗ്രൂപ്പുകൾക്ക് ശേഷിക്കുന്ന ഗഡു നൽകാം. പുതിയ വ്യക്തിഗത ഗുണഭോക്താവിനോ സ്വയം സഹായസംഘങ്ങൾക്കോ തിരഞ്ഞെടുപ്പ് പ്രക്രിയ അവസാനിക്കുന്നതുവരെ സബ്സിഡിയോ ഗ്രാന്റോ നൽകരുത്.

(ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (AUEGS)

തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം കൂടുതൽ ജില്ലകളിലേയ്ക്ക് ഈ പദ്ധതികൾ വ്യാപിപ്പിക്കാൻ പാടുള്ളതല്ല. തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ളവർക്ക് അവർ ആവശ്യപ്പെട്ടാൽ നിലവിലുള്ള പദ്ധതികളിൽ തൊഴിൽ നൽകാം. പക്ഷെ തൊഴിൽ നൽകാൻ പുതിയ പദ്ധതി ആവശ്യമെങ്കിൽ മുൻകൂർ തയ്യാറാക്കിയ പട്ടികയിൽ നിന്നുള്ള പദ്ധതി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ (ജില്ലാകളക്ടർ) അറിയിക്കണം. മുൻകൂർ തയ്യാറാക്കിയ പദ്ധതികൾ ഇല്ലെങ്കിൽ പുതിയ പദ്ധതിക്കായി ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കണം. നിലവിൽ പദ്ധതികൾ ലഭ്യമല്ലാത്തതിനാലാണ് പുതിയ പദ്ധതികൾ അനുവദിച്ചതെന്ന് ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റും ഇതോടൊപ്പം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകണം.

**20. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം, പുതുതായി സാമ്പത്തിക സഹായം അനുവദിക്കാനോ വാഗ്ദാനങ്ങൾ നൽകാനോ, ശിലാസ്ഥാപനം പോലെയുള്ള ചടങ്ങുകൾ നടത്താനോ മന്ത്രിമാർക്കോ, തദ്ദേശഭരണ ഭാരവാഹികൾക്കോ അധികാരമുണ്ടോ?**

ഇല്ല. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം ഇത്തരം സഹായം അനുവദിക്കാനോ ചടങ്ങ് സംഘടിപ്പിക്കാനോ പാടുള്ളതല്ല. റോഡ്, കുടിവെള്ളപദ്ധതി എന്നിവ സംബന്ധിച്ച് വാഗ്ദാനം നൽകുന്നതും സർക്കാരിലോ തദ്ദേശസ്ഥാപനത്തിലോ താൽക്കാലിക നിയമനം നടത്തുന്നതും അനുവദനീയമല്ല. അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള പദ്ധതി പോലുള്ള പദ്ധതികൾ ആരംഭിക്കേണ്ടിവന്നാൽ ആയതിന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങണം. അനിവാര്യമായ ഘട്ടത്തിൽ ശിലാസ്ഥാപനം പോലുള്ള ചടങ്ങ് ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് നടത്താം. പക്ഷെ രാഷ്ട്രീയകക്ഷി പ്രതിനിധികളെ ചടങ്ങിൽ പങ്കെടുപ്പിക്കരുത്.

**21. പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്ന് ഘോഷയാത്ര നടത്താൻ കഴിയുമോ?**

പാടില്ല.

**22. ബജറ്റിൽ തുക വകയിരുത്തിയതും നേരത്തെ അനുമതി നൽകിയതുമായ പദ്ധതികൾ സംബന്ധിച്ച പ്രഖ്യാപനം പാടുണ്ടോ?**

പാടില്ല. തിരഞ്ഞെടുപ്പ് വേളയിൽ ഇത്തരം പ്രഖ്യാപനമോ ഉദ്ഘാടനമോ അനുവദനീയമല്ല.

**23. നിർമ്മാണാനുമതി ലഭിച്ച പണികൾ തുടങ്ങാമോ ?**

നിർമ്മാണാനുമതി ലഭിച്ചതാണെങ്കിലും തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുമ്പേ ആരംഭിച്ചിട്ടില്ലാത്ത പണികൾ തിരഞ്ഞെടുപ്പ് പൂർത്തിയായ ശേഷം മാത്രമേ ആരംഭിക്കാവൂ. എന്നാൽ ആരംഭിച്ച പണികൾ തുടരാവുന്നതാണ്.

**24. പൂർത്തിയായ പണികൾക്ക് പണം നൽകാമോ ?**

പൂർത്തിയായ പണികൾക്കുള്ള പണം നൽകുന്നതിൽ വിലക്കില്ല.

**25. പ്രകൃതി ദുരന്തമോ മറ്റ് അടിയന്തിര സാഹചര്യമോ ഉണ്ടായാൽ സഹായ നടപടികൾ പ്രഖ്യാപിക്കുന്നതിന് വിലക്കുണ്ടോ?**

പ്രകൃതി ദുരന്ത സാഹചര്യങ്ങളിൽ ദുരിതബാധിതർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടെ സർക്കാർ സഹായം നൽകാവുന്നതാണ്. എന്നാൽ, ഭരണത്തിലിരിക്കുന്ന രാഷ്ട്രീയകക്ഷിക്ക് നേട്ടമുണ്ടാകുന്ന രീതിയിൽ ചടങ്ങുകൾ സംഘടിപ്പിക്കുന്നത് ഒഴിവാക്കണം.

**26. മദ്യം, പുകയില എന്നിവയുടെ ലേലവുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കാമോ?**

പാടില്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ തിരഞ്ഞെടുപ്പ നടപടികൾ പൂർത്തിയാകുന്നതു വരെ നിർത്തി വയ്ക്കേണ്ടതാണ്. എന്നാൽ ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ സർക്കാരിന് താൽകാലിക നടപടികൾ സ്വീകരിക്കാവുന്നതാണ്.

**27. ഭാഗികമായോ പൂർണ്ണമായോ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ വായ്പാ കുടിശ്ശിക ഒഴിവാക്കി നൽകുന്ന നടപടി സ്വീകരിക്കാമോ?**

പാടില്ല. ഭാഗികമോ പൂർണ്ണമോ ആയ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ തിരഞ്ഞെടുപ്പ് വേളയിൽ ഏതെങ്കിലും വ്യക്തിയുടേയോ, കമ്പനിയുടെയോ, സ്ഥാപനത്തിന്റെയോ വായ്പാ കുടിശ്ശിക ഒഴിവാക്കുന്ന നടപടി സ്വീകരിക്കരുത്. അതുപോലെ, ഇത്തരം സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് കൊടുക്കുന്ന വായ്പയുടെ പരിധിയും ഉയർത്തരുത്.

**28. റവന്യൂ പിരിവ് അവലോകനത്തിനോ, വാർഷിക ബജറ്റിന്റെ കരട്**

**തയ്യാറാക്കുന്നതിനോ ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ യോഗം വിളിച്ചു ചേർക്കാമോ?**

വിളിച്ചുചേർക്കാം. പക്ഷെ അത്തരം യോഗങ്ങളിൽ തദ്ദേശസ്ഥാപനത്തിന്റെ ദൈനംദിന ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമേ പരിഗണിയ്ക്കാവൂ. തിരഞ്ഞെടുപ്പ് വേളയിൽ ഇത്തരം യോഗങ്ങളിൽ നയങ്ങൾ, പദ്ധതികൾ എന്നിവ സംബന്ധിച്ചുള്ള കാര്യങ്ങൾ പരിഗണിക്കരുത്.

**29. രക്തസാക്ഷിത്വദിനം, സദ്ഭാവനദിനം, പ്രധാന നേതാക്കളുടെ ജന്മദിനാചരണം പോലെ പ്രാധാന്യമുള്ള ചടങ്ങുകളിൽ കേന്ദ്ര-സംസ്ഥാന മന്ത്രിമാർക്കോ തദ്ദേശഭരണ ഭാരവാഹികൾക്കോ തിരഞ്ഞെടുപ്പ് വേളയിൽ പങ്കെടുക്കാമോ?**

ഇത്തരം ചടങ്ങുകളിൽ കേന്ദ്ര – സംസ്ഥാന മന്ത്രിമാരോ തദ്ദേശഭരണ ഭാരവാഹികളോ പങ്കെടുക്കുന്നതിൽ വിലക്കില്ല. എന്നാൽ അവരുടെ പ്രസംഗം ചടങ്ങ് സംഘടിപ്പിക്കാൻ കാരണമായ വിഷയത്തിൽ മാത്രം ഒതുക്കി നിർത്തേണ്ടതാണ്. ഇത്തരം ചടങ്ങുകളിൽ രാഷ്ട്രീയ സ്വഭാവമുള്ള പ്രസംഗം നടത്തുന്നത് കുറ്റകരമാണ്.

**30. രാഷ്ട്രീയനേതാക്കളെയോ സ്ഥാനാർത്ഥികളെയോ ചിത്രീകരിക്കുന്നതോ പ്രധാനപ്പെട്ട നേതാക്കളുടെ ജനനവുമായോ മരണവുമായോ ബന്ധപ്പെട്ടതോ മറ്റു ചടങ്ങുകളുമായി ബന്ധപ്പെട്ടതോ ആയ സിനിമകളോ ഡോക്യുമെന്ററികളോ സംപ്രേക്ഷണം ചെയ്യാമോ?**

പാടില്ല.

**31. ലഹരി ഉൽപ്പന്നങ്ങൾക്കെതിരെയുള്ള ബോധവത്കരണം പോലെ നിരോധിത ഉൽപ്പന്നങ്ങൾക്കെതിരെയുള്ള പ്രചാരണ പരസ്യങ്ങൾ സർക്കാർ നിർത്തേണ്ടതുണ്ടോ?**

അത്തരം പരസ്യങ്ങൾ നൽകുന്നതിന് വിലക്കില്ല. പക്ഷെ രാഷ്ട്രീയ നേതാക്കളുടെ ഫോട്ടോ, സന്ദേശം എന്നിവ ഉൾപ്പെടുത്തരുത്.

**32. സർവ്വകലാശാലയുടെയോ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയോ ബിരുദദാന ചടങ്ങുകളിൽ ഗവർണ്ണർ, മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്ക് പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്യാമോ?**

ഗവർണ്ണർക്കു പങ്കെടുക്കാം. എന്നാൽ മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കാൻ പാടില്ല.

**33. ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്നവർക്ക് പരോൾ അനുവദിക്കാമോ?**

ഏതെങ്കിലും ഒരു തടവുപുള്ളിക്ക് പരോൾ അനുവദിക്കുന്നത് അനിവാര്യമാണെന്ന് സർക്കാരിന് ബോധ്യമായാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ച ശേഷം പരോൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

**34. കാർഷികോൽപന്നങ്ങൾക്ക് താങ്ങ് വില നിശ്ചയിക്കുന്നതിന് തിരഞ്ഞെടുപ്പ് കാലത്ത് വിലക്കുണ്ടോ?**

ഈ വിഷയം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയ്ക്ക് അയക്കേണ്ടതാണ്.

**35. മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ ഉദ്ഘാടനം പോലുള്ള പരിപാടികൾ നടത്താമോ?**

ഉദ്യോഗസ്ഥർക്ക് മാത്രമായി നടത്താം. രാഷ്ട്രീയ ബന്ധമുള്ളവരുമായി ഒരുമിച്ച് ചേർന്ന് നടത്താൻ പാടില്ല.

**36. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോ അംഗീകാരമോ തേടാതെ സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ചെയ്യാവുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?**

(1) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടല്ലാതെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്റെ കാലാവധി നീട്ടിനൽകൽ.

(2) പൾസ് പോളിയോ പോലുള്ള ബോധവത്കരണ പരസ്യ പ്രചാരണങ്ങൾ.

(3) കോടതി നിർദ്ദേശമുണ്ടെങ്കിൽ ആശ്രിതനിയമനച്ചട്ടപ്രകാരമുള്ള നിയമനം നടത്തൽ.

(4) ഒരു ഉദ്യോഗസ്ഥന് മറ്റൊരു ഉദ്യോഗസ്ഥന്റെ അധികച്ചുമതല നൽകൽ.

(5) വരൾച്ച, വെള്ളപ്പൊക്കം, കോവിഡ് മഹാമാരി പോലുള്ള അടിയന്തിര സാഹചര്യം നേരിടുന്നതിനായി ദേശീയപ്രകൃതി ദുരന്തഫണ്ടിൽനിന്ന് സാമ്പത്തിക സഹായം തേടൽ, ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനത്തിനായി ഉദ്യോഗസ്ഥതല സംഘത്തെ നിയോഗിക്കൽ.

(6) സർക്കാർ ജീവനക്കാരുടെ വിരമിക്കൽ, ഡെപ്യൂട്ടേഷൻ എന്നിവ മൂലമുണ്ടായ ഒഴിവുകൾ നികത്തുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (DPC) യോഗംചേരൽ.

(7) സർക്കാരിന്റേയോ, തദ്ദേശസ്ഥാപനങ്ങളുടേയൊ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക.

(8) ജലവിതരണത്തിനുള്ള കേടായ പൈപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുക.

(9) ശൗചാലയം പോലെയുള്ള പൊതുസൗകര്യങ്ങൾക്ക് കോടതി നിർദ്ദേശം ഉണ്ടെങ്കിൽ മാത്രം, ബി.ഒ.റ്റി വ്യവസ്ഥപ്രകാരം നിർമ്മാണാനുമതി നൽകൽ.

(10) കോളേജ് യൂണിയനുകളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തൽ.

(11) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റൽ.

(12) തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരസ്യം നൽകൽ.

(13) എച്ച്.ഐ.വി/എയ്ഡ്സ് നിയന്ത്രണവുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ പ്രസിദ്ധീകരണം.

(14) ഓടകളിൽ നിന്നും കുളങ്ങളിൽ നിന്നുമുള്ള മണ്ണ് നീക്കം ചെയ്യൽ.

(15) ശുചീകരണ/കൊതുക് നിയന്ത്രണ പദ്ധതികളുടെ നടത്തിപ്പ്.

(16) ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും നിയമനവും സ്ഥലം മാറ്റവും.

(17) കോടതി ഉത്തരവ് പ്രകാരമുള്ള തടവ്പുള്ളികളുടെ ജയിൽമാറ്റം,

(18) നേരത്തെ അനുവദിച്ച ഗ്രാന്റ് ഉപയോഗിച്ചും, ക്ഷണിച്ച ടെണ്ടർ പ്രകാരവും ആശുപത്രി ഉപകരണങ്ങൾ, മരുന്ന് എന്നിവ വാങ്ങുക.

**37. ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയില്ലാതെ സർക്കാരിന് നടപടി സ്വീകരിക്കാമോ?**

(i) മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാസ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡിൽ പാർട്ട്ടൈം അനൗദ്യോഗിക അംഗങ്ങളെ നിയമിക്കൽ.

(ii) ഉപഭോക്തൃ സന്നദ്ധ സംഘടനകൾക്ക് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉപഭോക്തൃ ക്ഷേമഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കൽ.

(iii) സർക്കാരിന്റെയോ സർക്കാർ വകുപ്പുകളുടെയോ തദ്ദേശസ്ഥാപനങ്ങളുടെയോ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ എന്നിവ പ്രതിപാദിക്കുന്ന ലഘുലേഖകൾ പ്രസിദ്ധീകരിക്കൽ.

(iv) അംഗനവാടി ജീവനക്കാർക്കു വേണ്ടി എൽ.ഐ.സി നടപ്പാക്കുന്ന അംഗനവാടി കാര്യകർത്രി ബീമായോജന പോലുള്ള സാമൂഹ്യ സുരക്ഷാ ഇൻഷ്വറൻസ് സ്കീമുകൾ നടപ്പാക്കുക.

പാടില്ല. മേൽ പരാമർശിച്ച വിഷയങ്ങളിൽ തിരഞ്ഞെടുപ്പ പ്രക്രിയ പൂർത്തിയാകുന്നതു വരെ നടപടികൾ മാറ്റിവയ്ക്കേണ്ടതാണ്.

**38. മുനിസിപ്പാലിറ്റിയിൽ ഒരു വാർഡിൽ മാത്രമാണ് പെരുമാറ്റച്ചട്ടം ബാധകമായിട്ടുള്ളത്. അപ്പോൾ കൗൺസിലിൽ നയപരമായ പുതിയ തീരുമാനങ്ങൾ കൈക്കൊള്ളാമോ?**

പാടില്ല.

**39. പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചായത്ത് അതിർത്തിയിൽ ആനുകൂല്യ വിതരണം ഉൾപ്പെടെയുള്ള പദ്ധതികൾ നടത്താൻ കഴിയുമോ?**

കഴിയില്ല.

**40. ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനിടയിൽ എല്ലാ പഞ്ചായത്തിനോടും പ്രത്യേക ഗ്രാമസഭ വിളിച്ച് ചേർക്കാൻ നിർദ്ദേശം ഉണ്ട്. തിരഞ്ഞെടുപ്പ് ഉള്ള പഞ്ചായത്തുകൾ എന്താണ് ചെയ്യേണ്ടത്?**

ഗ്രാമസഭ ചേരുന്നതിന് തടസ്സമില്ല. അതിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് പെരുമാറ്റച്ചട്ട ലംഘനമാണ്.

**41. നഗരസഭകളുടെ വാർഷിക പദ്ധതികൾ കൗൺസിൽ അംഗീകരിക്കുന്നതിൽ പെരുമാറ്റച്ചട്ടം ബാധകമാണോ?**

നയപരമായ തീരുമാനങ്ങൾ പാടില്ല.

**42. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ വൈബ്രന്റ് ഗ്രാമസഭ നടത്താൻ പറ്റുമോ?**

ഗ്രാമസഭ ചേരുന്നതിന് തടസ്സമില്ല. അതിൽ നയപരമായ തീരുമാനങ്ങൾ എടുക്കരുത്.

**43. നേരത്തേ നിശ്ചയിച്ച കുടുംബശ്രീ കലോത്സവം പോലുള്ള പരിപാടികളിൽ മെമ്പർമാർ/പ്രസിഡന്റ് പങ്കെടുക്കുന്നത് പെരുമാറ്റച്ചട്ടത്തിന്റെ പരിധിയിൽ വരുമോ?**

ഉദ്യോഗസ്ഥരും രാഷ്ട്രീയ ബന്ധമുള്ളവരും ഒരുമിച്ച് വേദി പങ്കിടരുത്.

**44. നിർമ്മാണ അനുമതി/സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ തുടങ്ങാമോ?**

പ്രവർത്തനം ആരംഭിക്കാത്തവയിൽ തുടർനടപടി സ്വീകരിക്കരുത്.

**45. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം സർക്കാരിന്റെ ക്ഷേമപെൻഷൻ വിതരണത്തെ ബാധിക്കുമോ?**

ഇല്ല.

# തിരഞ്ഞെടുപ്പ് പ്രചാരണം

**46. തിരഞ്ഞെടുപ്പ് പ്രചാരണം സംബന്ധിച്ച് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?**

രണ്ട് സമുദായങ്ങൾ തമ്മിലോ, ജാതികൾ തമ്മിലോ, ഭാഷാ വിഭാഗങ്ങൾ തമ്മിലോ നിലനിൽക്കുന്ന സംഘർഷം മൂർച്ഛിക്കുന്നതിനിടയാക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാകരുത്. മറ്റ് പാർട്ടികളെക്കുറിച്ചുള്ള വിമർശനം അവരുടെ നയപരിപാടികളെക്കുറിച്ചു മാത്രമാകണം. എതിർ രാഷ്ട്രീയകക്ഷി നേതാക്കളെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ പ്രചാരണം പാടില്ല. തെളിവില്ലാത്ത ആരോപണങ്ങൾ എതിർകക്ഷിയെക്കുറിച്ചോ അവരുടെ പ്രവർത്തകരെപ്പറ്റിയോ ഉന്നയിക്കരുത്.

**47. ആരാധനാലയങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിനു ഉപയോഗിക്കുന്നതിന് വിലക്കുണ്ടോ?**

വിലക്കുണ്ട്. ആരാധനാലയങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയാക്കരുത്. ജാതിമത വികാരങ്ങൾ മുതലെടുത്ത് വോട്ടു പിടിക്കുന്നത് കുറ്റകരമാണ്.

**48. നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് വരണാധികാരിയുടെ ഓഫീസിലേയ്ക്ക് പ്രകടനമായിപ്പോകാമോ?**

നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ പോകുന്ന ഒരു സ്ഥാനാർത്ഥിക്കൊപ്പം മൂന്ന് അകമ്പടി വാഹനങ്ങൾക്ക് മാത്രമേ വരണാധികാരിയുടെ ഓഫീസിന്റെ നൂറ് മീറ്റർ പരിധിയ്ക്കുള്ളിൽ പ്രവേശനമുള്ളു. പത്രിക സമർപ്പണ വേളയിൽ വരണാധികാരിയുടെ മുറിയിലേയ്ക്ക് സ്ഥാനാർത്ഥി ഉൾപ്പെടെ അഞ്ച് പേർക്ക് മാത്രമേ പ്രവേശനമുള്ളൂ.

**49. നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധനാ വേളയിൽ വരണാധികാരിയുടെ മുറിയിലേയ്ക്ക് എത്രപേർക്ക് പ്രവേശിക്കാം?**

സ്ഥാനാർത്ഥിക്കൊപ്പം അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് ഏജന്റ്, നിർദ്ദേശകൻ എന്നിവർക്ക് പുറമെ മറ്റൊരാൾക്ക് (ആവശ്യമെങ്കിൽ വക്കീലാവാം) സ്ഥാനാർത്ഥി എഴുതി നൽകുകയാണെങ്കിൽ വരണാധികാരിയുടെ മുറിയിൽ പ്രവേശിക്കാം.

**50. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങളുണ്ടോ?**

സ്ഥാനാർത്ഥിക്ക് ഇരുചക്ര വാഹനമുൾപ്പെടെ എത്ര വാഹനങ്ങൾ

വേണമെങ്കിലും ഉപയോഗിക്കാം. എന്നാൽ ആയതിന്റെ ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കിന്റെ പരിധിയിൽ വരുന്നതാണ്. കൂടാതെ പ്രചരണ വാഹനത്തിന് വരണാധികാരിയുടെ അനുമതി വാങ്ങുകയും, വരണാധികാരി നൽകുന്ന ഒറിജിനൽ പെർമിറ്റ് വാഹനത്തിന്റെ മുൻവശത്ത് കാണത്തക്ക വിധം പ്രദർശിപ്പിക്കുകയും വേണം. പെർമിറ്റിൽ വാഹനത്തിന്റെ നമ്പർ, സ്ഥാനാർത്ഥിയുടെ പേര് എന്നിവ ഉണ്ടാകണം.

**51. ഒരു സ്ഥാനാർത്ഥിയുടെ പേരിൽ പെർമിറ്റ് എടുത്ത വാഹനം മറ്റൊരു സ്ഥാനാർത്ഥിയുടെ പ്രചാരണത്തിനു ഉപയോഗിക്കാമോ?**

പാടില്ല. ഒരു സ്ഥാനാർത്ഥിയുടെ പേരിൽ പെർമിറ്റ് എടുത്ത വാഹനം മറ്റൊരു സ്ഥാനാർത്ഥി ഉപയോഗിക്കുന്നത് കുറ്റകരമാണ്.

**52. പ്രത്യേക സുരക്ഷ അനുവദിച്ചിട്ടുള്ള മന്ത്രിമാരും രാഷ്ട്രീയ പ്രവർത്തകരും സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് പ്രചാരണത്തിന് വാഹനമുപയോഗിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശമുണ്ടോ?**

സുരക്ഷാ അധികാരികളും ഇന്റലിജൻസ് ഏജൻസികളും നിർദ്ദേശിച്ചത് പ്രകാരം സർക്കാർ പ്രത്യേക സുരക്ഷ അനുവദിച്ചിട്ടുള്ളവർക്ക് ബുള്ളറ്റ്പ്രൂഫ് വാഹനം ഉപയോഗിക്കാവുന്നതാണ്. സുരക്ഷാ അധികാരികൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ മാത്രമെ പകരം വാഹനമായി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇപ്രകാരം ബുള്ളറ്റ്പ്രൂഫ് വാഹനങ്ങൾ ഓടിക്കുന്നതിന്റെ ചെലവ് പൊതു ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ പാടില്ലാത്തതും, അതത് വ്യക്തികൾ ചെലവ് വഹിക്കേണ്ടതുമാണ്. പൈലറ്റ് വാഹനവും എസ്കോർട്ട് വാഹനവും ഉൾപ്പെടെ ബുള്ളറ്റ്പ്രൂഫ് വാഹനത്തെ അനുഗമിക്കുന്ന വാഹനങ്ങളുടെ എണ്ണം സുരക്ഷാധികാരികൾ അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണത്തിൽ കൂടുതൽ ആകുവാൻ പാടില്ല. സർക്കാർ വാഹനങ്ങളായിരുന്നാലും വാടകയ്ക്ക് എടുത്ത വാഹനങ്ങൾ ആയിരുന്നാലും എല്ലാ വാഹനങ്ങളും ഓടിക്കുന്നതിന്റെ ചെലവ് അതത് വ്യക്തികൾ വഹിക്കേണ്ടതാണ്.

**53. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെയോ വരണാധികാരിയുടേയോ പെർമിറ്റ് ഇല്ലാത്ത വാഹനം പ്രചാരണത്തിന് ഉപയോഗിക്കാമോ ?**

പാടില്ല, അത്തരം വാഹനങ്ങൾ അനധികൃത പ്രചാരണ വാഹനമായി കണക്കാക്കി നടപടി സ്വീകരിയ്ക്കും. ഈ വാഹനങ്ങൾ പിന്നീട് പ്രചാരണ വാഹനമായി ഉപയോഗിക്കാൻ പാടില്ല.

**54. ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണത്തിലും Tender നടപടികൾക്കും പെരുമാറ്റച്ചട്ടം ബാധകമാണോ?**

ബാധകമാണ്.

**55. രാഷ്ട്രീയ കക്ഷികൾക്ക് റാലിക്കും തിരഞ്ഞെടുപ്പ് പ്രചാരണം സംഘടിപ്പിക്കുന്നതിനും വിദ്യാഭ്യാസസ്ഥാപനങ്ങളും അവയുടെ കളിസ്ഥലവും (സർക്കാർ-എയ്ഡഡ്- അൺഎയ്ഡഡ്) ഉപയോഗിക്കാമോ?**

വിദ്യാഭ്യാസ സ്ഥാപനങ്ങളോ അവയുടെ കളിസ്ഥലമോ ഇത്തരം പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല.

**56. പൊതുസ്ഥലത്ത് പ്രചാരണ സാമഗ്രികൾ സ്ഥാപിക്കുന്നതിന് നിയന്ത്രണമുണ്ടോ?**

നിലവിലുള്ള നിയമങ്ങൾക്കും കോടതി ഉത്തരവുകൾക്കും അനുസൃതമായി അവ സ്ഥാപിക്കുന്നതിൽ വിലക്കില്ല. സർക്കാർ ആഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ, പോസ്റ്റർ ഒട്ടിക്കാനോ, ബാനർ, കട്ട് ഔട്ട് തുടങ്ങിയവ സ്ഥാപിക്കാനോ പാടില്ല.

**57. സ്വകാര്യ സ്ഥാപനങ്ങളിലും സ്വകാര്യ വ്യക്തിയുടെ സ്ഥലങ്ങളിലും പ്രചാരണസാമഗ്രികൾ സ്ഥാപിക്കുന്നതിനും ചുമരെഴുതുന്നതിനും നിയന്ത്രണമുണ്ടോ?**

സ്വകാര്യ സ്ഥാപനങ്ങളിലും സ്വകാര്യ വ്യക്തിയുടെ സ്ഥലങ്ങളിലും പ്രചാരണ സാമഗ്രികൾ സ്ഥാപിക്കുന്നതിനും ചുമരെഴുതുന്നതിനും ഉടമയുടെ രേഖാമൂലമുള്ള അനുമതിപത്രം വാങ്ങേണ്ടതും അത് വരണാധികാരിയുടേയൊ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ മുൻപാകെ മൂന്നു ദിവസത്തിനകം സമർപ്പിയ്ക്കേണ്ടതുമാണ്.

**58. പ്രകടനം നടക്കുമ്പോൾ രാഷ്ട്രീയ കക്ഷിയുടേയോ, സ്ഥാനാർത്ഥിയുടേയോ വാഹനത്തിൽ തിരഞ്ഞെടുപ്പ് പരസ്യം, കൊടി എന്നിവ പ്രദർശിപ്പിക്കുന്നതിന് നിയന്ത്രണമുണ്ടോ?**

മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവ പ്രദർശിപ്പിക്കാവുന്നതാണ്.

**59. സർക്കാർ അതിഥി മന്ദിരങ്ങളും സമാനമായ മറ്റു സർക്കാർ സ്ഥാപനങ്ങളും തിരഞ്ഞെടുപ്പ യോഗങ്ങൾ നടത്തുന്നതിനും തിരഞ്ഞെടുപ്പ് ഓഫീസായി ഉപയോഗിക്കുന്നതിനും നിയന്ത്രണമുണ്ടോ?**

ഉണ്ട്. സർക്കാർ അതിഥിമന്ദിരങ്ങളിലെയും സമാനമായ മറ്റു സർക്കാർ സ്ഥാപനങ്ങളിലെയും താമസസൗകര്യം ഭരണത്തിലിരിക്കുന്ന കക്ഷി കുത്തകയാക്കി വയ്ക്കുവാൻ പാടില്ല. മറ്റു കക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും അവർ ആവശ്യപ്പെടുകയാണെങ്കിൽ താമസസൗകര്യം അനുവദിക്കേണ്ടതാണ്. എന്നാൽ അതിഥി മന്ദിരങ്ങൾ തിരഞ്ഞെടുപ്പ് ഓഫീസിനായി ഉപയോഗിക്കുന്നതിന് ഒരു കക്ഷിയെയും അനുവദിക്കാൻ പാടില്ല. മാത്രവുമല്ല, ചുവടെ ചേർക്കുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ് :-

(i) രാഷ്ട്രീയ കക്ഷിയുടെ അനൗദ്യോഗിക യോഗങ്ങൾ പോലും ഇത്തരം സ്ഥാപനങ്ങളിൽ വച്ച് ചേരുവാൻ അനുവദിക്കരുത്. ഇതിന്റെ ലംഘനം മാതൃകാ പെരുമാറ്റ സംഹിതയുടെ ലംഘനമായി കണക്കാക്കും.

(ii) ആർക്കുംതന്നെ 48 മണിക്കൂറിൽ കൂടുതൽ സമയത്തേക്ക് മുറി അനുവദിക്കുവാൻ പാടില്ല.

(iii) വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർമുമ്പ് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതു വരെയുള്ള സമയത്തേക്ക് മുകളിൽ സൂചിപ്പിച്ചവർക്ക് മുറി അനുവദിക്കരുത്.

**60. വോട്ടർമാരെ ബോധവൽക്കരിക്കുന്നതിന് ഡമ്മി ബാലറ്റുയൂണിറ്റുകൾ ഉപയോഗിക്കുന്നതിന് സ്ഥാനാർത്ഥികൾക്കു നിയന്ത്രണമുണ്ടോ?**

ഉണ്ട്. യഥാർത്ഥ ബാലറ്റുയൂണിറ്റുകളുടെ പകുതി വലുപ്പത്തിലുള്ളതും തടിയിലോ പ്ലൈവുഡിലോ നിർമ്മിച്ചതുമായ ഡമ്മിബാലറ്റു യൂണിറ്റുകൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇത് യഥാർത്ഥ ബാലറ്റുയൂണിറ്റുകളുടെ നിറത്തിലാകുവാൻ പാടില്ല.

**61. ദൈവങ്ങളുടെയോ ആരാധനാമൂർത്തികളുടെയോ ചിത്രം ആലേഖനം ചെയ്ത ഡയറി, കലണ്ടർ, സ്റ്റിക്കർ എന്നിവ വിതരണം ചെയ്യുന്നതിന് സ്ഥാനാർത്ഥികൾക്ക് വിലക്കുണ്ടോ?**

ഉണ്ട്.

**62. പ്രചാരണത്തിന് പ്ലാസ്റ്റിക്, ഫ്ലക്സ് എന്നിവ ഉപയോഗിക്കുന്നതിനു നിരോധനമുണ്ടോ?**

ഉണ്ട്. പരിസ്ഥിതി മലിനീകരണം കണക്കിലെടുത്ത് പ്ലാസ്റ്റിക്, ഫ്ളക്സ് എന്നിവ ഒഴിവാക്കിയുള്ള പ്രചാരണ സാമഗ്രികൾ തയ്യാറാക്കാൻ രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും ബാധ്യസ്ഥരാണ്. പ്ലാസ്റ്റിക്, ഫ്ലക്സ് തുടങ്ങി പരിസ്ഥിതിയ്ക്ക് ദോഷകരമായവ ഉപയോഗിക്കുന്നത് സംബന്ധിച്ച്

സർക്കാരോ സർക്കാർ ഏജൻസികളോ കോടതിയോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**63. പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ അച്ചടിക്കുന്നതിന് നിയന്ത്രണമുണ്ടോ?**

പ്രസാധകന്റെയും അച്ചടിസ്ഥാപനത്തിന്റെയും പേര്, മേൽവിലാസം, അച്ചടിക്കുന്ന കോപ്പികളുടെ എണ്ണം എന്നിവ ഉൾക്കൊള്ളിച്ചേ പോസ്റ്ററുകളും ലഘുലേഖകളും അച്ചടിക്കാവൂ. ഇതിന്റെ പകർപ്പ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. (ഖണ്ഡിക VII കാണുക)

**64. പ്രചാരണത്തിന്റെ ഭാഗമായി സ്ഥാനാർത്ഥിയുടെ ഫോട്ടോയോ ചിഹ്നമോ ആലേഖനം ചെയ്ത തൊപ്പി, മുഖംമൂടി, മാസ്ക് പോലുള്ളവ ഉപയോഗിക്കാമോ?**

ഉപയോഗിക്കാം. പക്ഷെ ഇവയുടെ ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തണം. എന്നാൽ വോട്ടർമാരെ സ്വാധീനിക്കാനായി വസ്തുങ്ങളോ മറ്റു സാധനങ്ങളോ വിതരണം ചെയ്യുന്നത് കുറ്റകരമാണ്.

**65. പ്രചാരണത്തിനായി സിനിമ, ടെലിവിഷൻ, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗിക്കാമോ?**

ഉപയോഗിക്കാം. എന്നാൽ പൊതുപ്രചാരണം അവസാനിച്ച ശേഷം ഇത്തരം മാധ്യമങ്ങളിലൂടെയും പ്രചാരണം പാടില്ല.

**66. രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് താൽക്കാലിക ഓഫീസ് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ?**

ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യ സ്ഥലമോ കയ്യേറിയോ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയിലോ ഇത്തരം ഓഫീസുകൾ തുടങ്ങരുത്. പഞ്ചായത്തിന്റെ കാര്യത്തിൽ പോളിംഗ്സ്റ്റേഷന്റെ 200 മീറ്റർ പരിധിയിലും മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ പോളിംഗ്സ്റ്റേഷന്റെ 100 മീറ്റർ പരിധിയിലും ഓഫീസുകൾ പ്രവർത്തിപ്പിക്കരുത്.

**67. പ്രചാരണസമയം അവസാനിച്ചശേഷം പോളിംഗ് ദിവസം വരെ രാഷ്ട്രീയകക്ഷി ഭാരവാഹികൾക്ക് മണ്ഡലത്തിൽ തങ്ങുന്നതിന് നിയന്ത്രണമുണ്ടോ?**

ഉണ്ട്. പ്രചാരണ സമയം അവസാനിച്ച ശേഷം മണ്ഡലത്തിന് പുറത്ത് നിന്ന് പ്രചാരണത്തിനെത്തിയ രാഷ്ട്രീയനേതാക്കളും പ്രവർത്തകരും മണ്ഡലം വിട്ട് പോകേണ്ടതാണ്. എന്നാൽ സ്ഥാനാർത്ഥിയോ ഇലക്ഷൻ ഏജന്റോ മണ്ഡലത്തിനു പുറത്തുള്ള ആളായാൽപോലും മണ്ഡലം വിട്ടു പോകേണ്ടതില്ല.

**68. തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിനു പുറത്തുള്ളവർക്ക് തലേദിവസം നിശബ്ദപ്രചാരണം നടത്താൻ നിയന്ത്രണമുണ്ടോ?**

വാർഡിനു പുറത്തുള്ളവർ വോട്ടെടുപ്പ് തലേദിവസം നിശബ്ദ പ്രചാരണം നടത്താൻ പാടില്ല.

**69. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ജാഥ, പൊതുയോഗം എന്നിവ നടത്തുന്നതിന് നിയന്ത്രണമുണ്ടോ?**

ഉണ്ട്. മീറ്റിംഗ് നടത്തുന്ന സ്ഥലം, ജാഥ കടന്നു പോകുന്നവഴി എന്നിവ കാണിച്ച് ബന്ധപ്പെട്ട പോലീസ് അധികാരിയിൽ നിന്ന് മുൻകൂർ അനുമതി രേഖാമൂലം വാങ്ങേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള കോടതി നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

**70. ഉച്ചഭാഷിണി ഉപയോഗം സംബന്ധിച്ച് നിയന്ത്രണങ്ങളുണ്ടോ?**

ഉണ്ട്. ബന്ധപ്പെട്ട പോലീസ് അധികാരിയിൽ നിന്ന് ആവശ്യമായ അനുമതി രേഖാമൂലം വാങ്ങേണ്ടതാണ്. രാത്രി പത്ത് മണി മുതൽ രാവിലെ ആറ് മണി വരെയുള്ള സമയം ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ല. . Noise Pollution (Regulation and Control) Rules-2000 ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ട്, അനുവദനീയമായ DECIBEL ശബ്ദം മാത്രമേ ഉച്ചഭാഷിണികൾ പുറപ്പെടുവിക്കാൻ പാടുള്ളൂ. (ഖണ്ഡിക III.5)

**71. പൊതുയോഗം, ജാഥ എന്നിവ നടത്തുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?**

ഉണ്ട്. രാത്രി പത്ത് മണിയ്ക്കും രാവിലെ ആറുമണിയ്ക്കും ഇടയിൽ പൊതുയോഗം നടത്തരുത്. ജാഥയോ യോഗമോ പാടില്ല. വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുമ്പു മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതു വരെയുള്ള സമയത്ത് പൊതുയോഗം ജാഥ എന്നിവ പാടില്ല. ഉദാ: വോട്ടെടുപ്പ് നവംബർ 27 – ന് രാവിലെ 7 മുതൽ വൈകുന്നേരം 6 വരെയാണെന്നിരിക്കട്ടെ പൊതുയോഗം, ജാഥ എന്നിവ നവംബർ 25– ന് വൈകുന്നേരം 6 മണി വരെ മാത്രമേ നടത്താവൂ.

**72. രാഷ്ട്രീയ കക്ഷികൾ വോട്ടർമാർക്ക് സ്ലിപ്പ് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശമുണ്ടോ?**

ഉണ്ട്. ഇത്തരം സ്ലിപ്പുകൾ വെള്ള പേപ്പറിൽ തയ്യാറാക്കേണ്ടതും വോട്ടറുടെ പേര്, സീരിയൽ നമ്പർ, പാർട്ട് നമ്പർ, പോളിംഗ്സ്റ്റേഷന്റെ പേര് എന്നീ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയതുമാകണം. ഈ സ്ലിപ്പിൽ സ്ഥാനാർത്ഥിയുടെ പേരോ ചിഹ്നമോ, ഫോട്ടോയോ പാടില്ല.

**73. ഒരു സ്ഥാനാർത്ഥിയ്ക്ക് പോളിംഗ് ഏജൻറുമാരായി ആരെയൊക്കെ നിയോഗിക്കാം?**

പോളിംഗ് ഏജന്റുമാരായി നിയോഗിക്കപ്പെടുന്നവർ ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ/വാർഡിലെ വോട്ടറായിരിക്കണം. അവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും ഉണ്ടായിരിക്കണം.

**74. അഭിപ്രായ വോട്ടെടുപ്പ്, എക്സിറ്റ്പോൾ എന്നിവ നടത്തുന്നതിനും പ്രഖ്യാപിക്കുന്നതിനും നിയന്ത്രണമുണ്ടോ?**

അഭിപ്രായ വോട്ടെടുപ്പ്, എക്സിറ്റ് പോൾ എന്നിവ നടത്തുന്നതിന് നിയന്ത്രണമില്ല. എന്നാൽ, അവയുടെ ഫലം എല്ലാ ബൂത്തുകളിലേയും വോട്ടെടുപ്പ് അവസാനിക്കുന്നതു വരെ പ്രഖ്യാപിക്കാൻ പാടില്ല.

**75. എസ്.എം.എസ്, സോഷ്യൽമീഡിയ എന്നിവയിലൂടെയുള്ള തിരഞ്ഞെടുപ്പ് സന്ദേശങ്ങൾക്ക് നിയന്ത്രണമുണ്ടോ?**

ഉണ്ട്. തിരഞ്ഞെടുപ്പ് നിയമങ്ങൾക്കും നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിരുദ്ധമായി ആർക്കെങ്കിലും അപകീർത്തികരമായ വിധം എസ്.എം.എസിലൂടെയും സോഷ്യൽമീഡിയയിലൂടെയും സന്ദേശങ്ങൾ അയയ്ക്കുന്നത് കുറ്റകരമാണ്.

## വോട്ടെടുപ്പ്ദിവസം

**76. വോട്ടെടുപ്പ്ദിവസം പോളിംഗ്സ്റ്റേഷനു സമീപം സ്ഥാനാർത്ഥികളുടെ ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ?**

പഞ്ചായത്തിന്റെ കാര്യത്തിൽ പോളിംഗ്സ്റ്റേഷനിൽനിന്ന് 200 മീറ്റർ അകലത്തിലും നഗരസഭയുടെ കാര്യത്തിൽ പോളിംഗ്സ്റ്റേഷനുകളിൽ നിന്നും 100 മീറ്റർ അകലത്തിലും മാത്രമേ ബൂത്തുകൾ സ്ഥാപിക്കാവൂ. സ്ഥാനാർത്ഥിയുടെ

പേര്, പാർട്ടിചിഹ്നം എന്നിവ വ്യക്തമാക്കുന്ന ഒരു ബാനർ സ്ഥാപിക്കാം. ബൂത്തുകൾ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട അധികാരിയിൽ നിന്ന് രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതും പരിശോധനവേളയിൽ അവ കാണിയ്ക്കുകയും വേണം.

**77. പോളിംഗ് സ്റ്റേഷനുകൾക്ക് സമീപം വോട്ട് അഭ്യർത്ഥിക്കുന്നതിന് നിയന്ത്രണമുണ്ടോ?**

പോളിംഗ് ദിവസം പഞ്ചായത്തിന്റെ കാര്യത്തിൽ പോളിംഗ്സ്റ്റേഷന്റെ 200 മീറ്റർ ദൂരപരിധിക്കുള്ളിലും നഗരസഭയുടെ കാര്യത്തിൽ പോളിംഗ്സ്റ്റേഷന്റെ 100മീറ്റർ പരിധിയ്ക്കുള്ളിലും വോട്ട് അഭ്യർത്ഥിക്കാൻപാടില്ല.

**78. പോളിംഗ്സ്റ്റേഷനിൽ മൊബൈൽഫോൺ ഉപയോഗിക്കാമോ?**

ഒബ്സർവർ, വരണാധികാരി, സുരക്ഷാ ഉദ്യോഗസ്ഥർ, പ്രിസൈഡിംഗ് ഓഫീസർ, സെക്ടറൽ ഓഫീസർ എന്നിവരൊഴികെ ആരും പോളിംഗ് സ്റ്റേഷനകത്ത് മൊബൈൽ ഫോൺ കൊണ്ടുപോകാൻ പാടില്ല.

**79. പോളിംഗ് ദിനത്തിൽ രാഷ്ട്രീയകക്ഷികൾക്കോ സ്ഥാനാർത്ഥിക്കോ വോട്ടർമാരെ പോളിംഗ്സ്റ്റേഷനിൽ എത്തിക്കാൻ വാഹനമേർപ്പെടുത്താമോ?**

പാടില്ല. നേരിട്ടോ അല്ലാതെയോ ഇത്തരം സൗകര്യം ഒരുക്കുന്നത് കുറ്റകരമാണ്.

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in